# <u>ലേല പരസ്യം</u>

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ നിന്നും എല്ലാവരും അറിയുന്നതിനായി.

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ചോറ്റാനിക്കര ക്ഷേത്രത്തിൽ ദർശനത്തിന് വരുന്നതായ ഭക്തജനങ്ങൾക്ക് **2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 കൂടി വഴിവാട് കതിനവെടി** നടത്തുന്നതിനുള്ള പിരിവെടുക്കുന്നതിനുള്ള അവകാശം **2018 മാർച്ച് മാസം 08-ാം തിയ്യതി ഉച്ചക്ക് 12.30 മണിക്ക്** ചോറ്റാനിക്കര ദേവസ്വം ഓഫീസിൽ വെച്ച് പരസ്യമായി ലേലം വിളിച്ച് ഏൽപ്പിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്നു.

ലേലത്തിന് പങ്കെടുക്കുന്നതിന് ആഗ്രഹിക്കുന്നവർ സ്ഥലത്തും സമയത്തും ഹാജരാകേണ്ടതും പേർ 1 ക്ക് 50,000/- (അമ്പതിനായിരം) ഉറുപ്പിക വീതം അഡ്വാൻസ് കെട്ടിവെയ്ക്കേണ്ടതും ആകുന്നു. അഡ്വാൻസ് സംഖ്യ കെട്ടിവയ്ക്കാത്തവരെ ലേലത്തിൽ പങ്കെടുക്കുന്നതിന് അനുവദിക്കാത്തതും ആകുന്നു.

വെടിവഴിപാട് ലേലത്തിൽ പങ്കെടുക്കുന്ന ആൾക്ക് LE-3 ലൈസൻസ് ഉണ്ടായിരിക്കേണ്ടതും LE-2 ലൈസൻസ് പ്രകാരം ക്ഷേത്രത്തിന് ആവശ്യമായ Quantity വെടിമരുന്ന് സപ്ലൈ ചെയ്യേണ്ടതുമാണ്. ലൈസൻസ് ഹാജരാക്കത്തവരെ ആരെയും ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല. അഹിന്ദുക്കളെ ലേലത്തിൽ ചേരുവാൻ അനുവദിക്കുന്നതല്ല.

ലേലം ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് വിളിക്കുന്ന ആളുകളുടെ പേരിൽ മൂന്നുവാക്ക് വിളിച്ചു നിർത്തി ഉറപ്പിക്കുന്നതും ലേലംകൊണ്ട ആൾ ലേല സംഖ്യയുടെ 15% തൽക്ഷണം കെട്ടിവെയ്ക്കേണ്ടതും ബാക്കി 10% ബഹുമാനപ്പെട്ട ബോർഡിന്റെ അംഗീകാരം ലഭിച്ചതിനുശേഷം ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതുമാണ്.

ടെൻണ്ടർ വെയ്ക്കുവാൻ ആഗ്രഹിക്കുന്നവർ ആയത് വെള്ളക്കടലാസിൽ സംഖ്യ എഴുതി 50,000/-ക(അമ്പതിനായിരം) യുടെ ഡിമാന്റ് ഡ്രാഫ്റ്റ് സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണർ, കൊച്ചിൻ ദേവസ്വം ബോർഡ് എന്ന പേരിൽ അടക്കം ചെയ്ത കവറിൽ സീൽ ചെയ്ത് പുറത്ത് **"ചോറ്റാനിക്കര ഭഗവതി ക്ഷേത്രം 2018-2019 വെടി ലേല ടെൻണ്ടർ"** എന്നെഴുതി ലേലത്തിന് 1 മണിക്കൂർ മുൻപ് ചോറ്റാനിക്കര ദേവസ്വത്തിൽ കിട്ടത്തകവിധം അയച്ചിരിക്കേണ്ടതാകുന്നു. ലേലം കഴിഞ്ഞ ഉടനെ തന്നെ ഹാജരായവരുടെ സാന്നിദ്ധ്യത്തിൽ ടെൻഡർ തുറക്കുന്നതും ലേലത്തെക്കാൾ കൂടുതൽ സംഖ്യക്ക് ടെണ്ടർ ഉണ്ടെങ്കിൽ ആയത് ഉറപ്പിക്കുന്നതിന് ശുപാർശ ചെയ്യുന്നതുമാകുന്നു.

ലേല സംഖ്യയിൽ ബാക്കി അടയ്ക്കേണ്ടതായ സംഖ്യ മൂന്ന് തുല്യ ഗഡുക്കളായി ജൂലൈ, നവംബർ, ഫെബ്രുവരി എന്നീ മാസങ്ങളിൽ 10-ാം തിയ്യതിക്കകം അടച്ച് രശീതി വാങ്ങേണ്ടതാകുന്നു. അപ്രകാരം സംഖ്യ അടയ്ക്കാതിരുന്നാൽ 100/-കയ്ക്ക് 20% വീതം കൂടുന്ന പലിശയോടുകൂടി അടയ്ക്കേണ്ടതാകുന്നു.

ലേലം കൊണ്ട ആളുടെ തൊട്ടടുത്ത് കൂടുതൽ സംഖ്യയ്ക്ക് വിളിച്ച ആളുടെ ഒഴികെ ബാക്കിയുള്ളവരുടെ അഡ്വാൻസ് സംഖ്യ ലേലാവസാനത്തിൽ മടക്കി കൊടുക്കുന്നതും ലേലക്കാരൻ അഡ്വാൻസായി കെട്ടിവെച്ച 50,000/-ക ലേല കാലാവധിയുടെ അവസാനം ടിയാന് ദേവസ്വത്തിലേക്ക് ബാദ്ധ്യതയൊന്നുമില്ലെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം മടക്കി കൊടുക്കുന്നതുമാകുന്നു. ലേലം സ്ഥിരപ്പെടുത്തുന്നതു തുടങ്ങി ലേല നടപടികൾ അവസാനിക്കുന്ന മുറക്ക് രണ്ടാമതായി ലേലം കൊണ്ടുവരുന്ന വ്യക്തിയുടെ അഡ്വാൻസ് സംഖ്യ മടക്കി നൽകുന്നതാണ്.

ലേല നടപടികൾ ലേലം സ്ഥിരപ്പെടുത്തി കൊച്ചിൻ ദേവസ്വം ബോർഡിൽ നിന്നും ഉത്തരവാകുന്നതുവരെ തുടരുന്നതും അതിനുമുൻപ് ലേലം പൂർത്തിയായെന്നു കരുതുവാൻ പാടില്ലാത്തതും ആകുന്നു. ലേല നടപടികൾ പരിശോധിച്ച് ഏതെങ്കിലും രീതിയിലുള്ള അപാകതകൾ കാണുന്നപക്ഷം വീണ്ടും ലേലം ചെയ്യുന്നതിന് ബോർഡിന് അധികാരമുള്ളതുമാകുന്നു.

ലേലം സ്ഥിരപ്പെടുത്തി കൽപ്പന വന്നാൽ ഉടനെ ലേലക്കാരന് ദേവസ്വത്തിൽ നിന്ന് അറിവു കൊടുക്കുന്നതും ലേലക്കാരൻ ദേവസ്വത്തിൽ നിന്ന് തയ്യാറാക്കി തരുന്ന പ്രകാരം "**കച്ചീട്ട്**" എഴുതി മുദ്രപത്രത്തിൽ ലേലക്കാരന്റെ സ്വന്തം ചിലവിൽ എഴുതി തരേണ്ടതാകുന്നു. കച്ചീട്ട് വ്യവസ്ഥ പ്രകാരം പ്രവർത്തിക്കാതിരുന്നാൽ ടിയാൻ അടച്ചിട്ടുള്ളതായ സംഖ്യ പിഴയായി പിടിച്ച് മുതൽ കൂട്ടുന്നതും ടിയാന്റെ ഉത്തരവാദിത്വത്തിൽ ടി അവകാശം രണ്ടാമതും ലേലം നടത്തുന്നതും അതിൽവെച്ച് ലാഭമുണ്ടായാൽ ടിയാന് അവകാശമില്ലാത്തതും നഷ്ടം സംഭവിച്ചാൽ ടിയാനിൽ നിന്നും നികുതി ബാക്കി വസൂലാക്കുന്ന രീതിയിൽ വസൂൽ ചെയ്യുന്നതും അതിൽ വരുന്നതായ സകലവിധ കഷ്ടനഷ്ടങ്ങൾക്കും ടിയാൻ ബാദ്ധ്യസ്ഥനുമാണ്.

വഴിവാട് കതിനവെടി നടത്തുന്നതിനുള്ള അവകാശം പിരിവെടുക്കുന്നതിന് ഹിന്ദുക്കളല്ലാത്തവരെ അനുവദിക്കുന്നതല്ല. വഴിവാട് കതിനവെടി നടത്തുന്നതിനുള്ള അവകാശം ലേലം കൊണ്ട ആൾ വഴിവാട്കാരിൽ നിന്നും ഏതൊരു വെടിക്കും വെടി 1-ന് 15/- (പതിനഞ്ച് ഉറുപ്പിക) പ്രകാരം മാത്രം വസൂൽ ചെയ്ത് വഴിവാട് നടത്തേണ്ടതാകുന്നു. പതിവായി ദിവസവും വലിയ കതിനകൾ ഉപയോഗിച്ച് നിയമവെടികളും വിശേഷാൽ എഴുന്നെള്ളിച്ച് പോകുമ്പോൾ നടത്തിവരുന്ന ആചാരവെടികളും അനുഭവം പറ്റാതെയും ആക്ഷേപങ്ങൾ കൂടാതെയും ലേലക്കാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ നടത്തേണ്ടതുമാണ്.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WPC No.6412/12 ഉത്തരവ് പ്രകാരം LE2 ലൈസൻസി അനുവദിക്കപ്പെട്ട സ്ഥലത്തിന് ഇൻഷൂർ എടുക്കേണ്ടതും, ക്ഷേത്രത്തിൽ ലേല കാലാവധിയിൽ ഉൾപ്പെടുന്ന കാലയളവിലുള്ള വെടികൾ മുഴുവൻ ലേലക്കാരന്റെ ചുമതലയിലും ഉത്തരവാദിത്വത്തിലും ആകുന്നു. എക്സ്പ്ലോസീവ് ആക്ട് അനുശാസിക്കുന്ന ലൈസൻസ്, 3rd Party Claim അടക്കം ലഭിക്കുന്നതായി ഇൻഷുറൻസ് മറ്റു സുരക്ഷാ നടപടികൾ ഇവയെല്ലാം ലേലക്കാരന്റെ ഉത്തരവാദിത്വത്തിൽ പരിപാലിക്കേണ്ടതും അവയുടെ ലംഘനം നിമിത്തമോ ലേലക്കാരന്റേയോ,

ടിയാന്റെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടേയോ അശ്രദ്ധ നിമിത്തമോ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ചോറ്റാനിക്കര ദേവസ്വത്തിനോ കൊച്ചിൻ ദേവസ്വം ബോർഡിനോ യാതൊരുവിധ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു. കൂടാതെ ലേലം കൊണ്ട സംഖ്യയ്ക്ക് തുല്യമായ ബാങ്ക് ഗ്യാരന്റി ടിയാൻ ഹാജരാക്കേണ്ടതുമാണ്. ലേലക്കാരൻ വെടിവഴിപാട് ചെയ്ത് പ്രവൃത്തി മുഴുവനായി സ്വന്തം ചിലവിൽ ഇൻഷൂർ ചെയ്ത് സർട്ടിഫിക്കറ്റ് പ്രവൃത്തി ഏറ്റെടുക്കുന്നതിനുമുമ്പായി ദേവസ്വത്തിൽ ഹാജരാക്കേണ്ടതാണ്.

ലേലത്തെ സംബന്ധിച്ച് മേൽ നിശ്ചയിച്ചിട്ടുള്ള സംഗതികൾക്ക് വിരുദ്ധമായി ലേലക്കാരനോ ടിയാന്റെ തൊഴിലാളികളോ ആക്ഷേപങ്ങൾക്ക് ഇടവരുത്തുകയോ മറ്റോ ചെയ്താൽ ലേലം ദുർബലപ്പെടുത്തുന്നതിന് ദേവസ്വം ബോർഡിന് അധികാരമുള്ളതാകുന്നു. ഇതിനു പുറമെ ലേലക്കാരൻ ദേവസ്വത്തിൽ കെട്ടിവെച്ച സംഖ്യ പിഴയായി പിടിച്ച് ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം വിളിക്കുന്നതുമാകുന്നു.

ഏതെങ്കിലും കാരണവശാൽ ഈ അവകാശം രണ്ടാമതും ലേല വിളിക്കേണ്ടതായി വന്നാൽ അതിൽ വെച്ച് ലാഭമുണ്ടായാൽ ലേലക്കാരന് അവകാശമില്ലാത്തതും നഷ്ടം സംഭവിച്ചാൽ ടിയാനിൽ നിന്നും വസൂലാക്കിയെടുക്കുന്നതിനും ദേവസ്വത്തിന് അധികാരമുള്ളതാകുന്നു. ലേലക്കാരൻ സ്വന്തം ചിലവിൽ വെടിയുടെ നിരക്ക് പ്രദർശിപ്പിക്കേണ്ടതും ആകുന്നു. ലേലത്തെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയുന്നതിന് ആഗ്രഹിക്കുന്നവർ ഈ ഓഫീസിലോ ചോറ്റാനിക്കര ദേവസ്വം ഓഫീസിലോ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

ലേലം വേണ്ടെന്ന് വെയ്ക്കുന്നതിനോ യുക്തമെന്ന് തോന്നുന്നതായ മറ്റു ഭേദഗതികൾ വരുത്തുന്നതിനോ താഴെ ഒപ്പിടുന്ന ആൾക്ക് അധികാരമുള്ളതാകുന്നു.

**ഒപ്പ്**
**സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണർ**

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്, തൃശ്ശൂർ
തിയ്യതി. 20/02/2018